സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോങ് എജ്യൂക്കേഷൻ-കേരള (സ്കോൾ-കേരള)
വിദ്യാഭവൻ, പൂജപ്പുര പി. ഒ., തിരുവനന്തപുരം – 695012
website: www.scolekerala.org email: scolekerala@gmail.com
Ph: 0471 - 2342950, 2342271, 2342369

തീയതി: 09.10.2025

നമ്പർ: എ4/3783/2023/സ്കോൾ-കേരള

## സ്കോൾ-കേരള - ഹയർസെക്കൻഡറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ്- 2025-പ്രവേശന വിജ്ഞാപനം

സ്കോൾ-കേരള മുഖേന നടത്തുന്ന ഹയർസെക്കൻഡറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ 2025–27 ബാച്ചിലേക്കുള്ള ഒന്നാം വർഷ പ്രവേശന നടപടികൾ 10.10.2025 ന് ആരംഭിക്കും. അപേക്ഷകർക്ക് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ 10.10.2025 മുതൽ ഫീസ് അടച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് ഫീസ് ഓൺലൈൻ മോഡിൽ (ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രഡിറ്റ് കാർഡ്, യു.പി.ഐ.) അടയ്ക്കാവുന്നതാണ്. കോഴ്സ് വിവരങ്ങളും, ഫീസ് ഘടനയും, ഓൺലൈൻ രജിസ്ട്രേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കോഴ്സിന്റെ അംഗീകാരം | : | 01.03.2025-ലെ സർക്കാർ ഉത്തരവ് (സഉ(സാധ) നം.1708/2025/പൊവിവ) & 29.09.2025 ലെ സ.ഉ (സാധാ) നം. 7680/2025/പൊ.വി.വ എന്നീ ഉത്തരവുകൾ അനുസരിച്ച് (സർക്കാർ ഉത്തരവുകൾ അനുബന്ധം 1, 2 ആയി ഉൾപ്പെടുത്തുന്നു). |
| പ്രവേശന യോഗ്യത | : | കേരള സംസ്ഥാന ഹയർസെക്കണ്ടറി ബോർഡിനു കീഴിൽ റഗുലർ ഹയർസെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ്,കൊമേഴ്സ് ഗ്രൂപ്പിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകളിൽ ചുവടെ പറയുന്ന ഏതെങ്കിലും ഒരു സബ്ജക്ട് കോഡ് തെരഞ്ഞെടുത്ത് പഠിക്കുന്ന ഒന്നാം വർഷ വിദ്യാർഥികൾ.<br><br>ഹ്യൂമാനിറ്റീസ് ഗ്രൂപ്പിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള സബ്ജക്ട് കോഡ് - 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 23, 24, 25, 26, 27, 28, 30, 32, 33, 41, 42, 43, 45, 46<br><br>കോമേഴ്സ് ഗ്രൂപ്പിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള സബ്ജക്ട് കോഡ് - 37, 38, 39 |
| പഠന രീതി | : | ഓഫ്‌ലൈൻ |
| കാലാവധി | : | 2 വർഷം |
| കോഴ്സ് സിലബസ് | : | ഹയർസെക്കണ്ടറി കൊമേഴ്സ് ഗ്രൂപ്പ് - മാത്തമാറ്റിക്സ് വിഷയത്തിന്റെ സിലബസ് |
| കോഴ്സ് ഫീസ് | : | 1500/- രൂപ (രണ്ട് വർഷത്തേക്ക്. കോഴ്സ് ഫീസ് ഒരുമിച്ച് ഒടുക്കേണ്ടതാണ്) |
| ഫൈൻ | : | 100/- രൂപ (നിർദ്ദിഷ്ട പിഴകൂടാതെയുള്ള തീയതിക്ക് ശേഷം ഒരു നിശ്ചിത സമയ പരിധിവരെ 100/- രൂപ പിഴയോട് കൂടി ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടാകും) |

**ഫീസൊടുക്കേണ്ട വിധം**

കോഴ്സ് ഫീസായ 1500/– രൂപ ഒറ്റതവണയായി ഓൺലൈനായി അടയ്ക്കേണ്ടതാണ്.

ഓൺലൈൻ മുഖേന വിദ്യാർഥികൾ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്തശേഷം പേയ്മെന്റ് മോഡിൽ ഓൺലൈൻ തെരഞ്ഞെടുത്ത് തുക ഒടുക്കാവുന്നതാണ്. ഡെബിറ്റ് കാർഡ് മുഖേനെ 6500/- രൂപ വരെയുള്ള ഫീസ് അടയ്ക്കുന്നതിനും യു.പി.ഐ. മുഖേനെയുള്ള ഇടപാടുകൾക്കും സർവീസ് ചാർജ് നൽകേണ്ടതില്ല. മറ്റ് സർവീസ് ചാർജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- സമ്പർക്കക്ലാസുകളിൽ 100 ശതമാനം ഹാജർ നിർബന്ധമാണ്.
- റെഗുലർ മാത്തമാറ്റിക്സ് വിദ്യാർഥികൾക്ക് നൽകുന്ന സി.സി.ഇ. മാനദണ്ഡങ്ങൾ അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
- അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ നടത്തിപ്പിന്റെയും മാർക്ക് ലിസ്റ്റ് വിതരണത്തിന്റെയും ചുമതല ബോർഡ് ഓഫ് ഹയർസെക്കൻഡറി എക്സാമിനേഷൻസ് കേരള-യിൽ നിക്ഷിപ്തമായിരിക്കും.
- ഒന്നാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത് സി.സി.ഇ. ക്ലാസിൽ പങ്കെടുക്കുകയും, സി.സി.ഇ. രേഖകൾ സമർപ്പിച്ച് ഒന്നാം വർഷ ഹയർസെക്കണ്ടറി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതിയ വിദ്യാർഥികളാണ് രണ്ടാം വർഷ അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ എഴുതുവാൻ യോഗ്യരായവർ.
- അഡീഷണൽ മാത്തമാറ്റിക്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒന്നും രണ്ടും വർഷം തിയറിക്ക് 500/- രൂപ വീതം പരീക്ഷ ഫീസും, സർട്ടിഫിക്കറ്റ് ഫീസ് 40/- രൂപയും രണ്ടാം വർഷത്തെ പ്രായോഗിക പരീക്ഷയ്ക്ക് 250/- രൂപയും റഗുലർ വിഷയങ്ങളുടെ ഫീസിന് പുറമേ ഒടുക്കേണ്ടതാണ്.
- ടി വിദ്യാർത്ഥികളുടെ റഗുലർ കോഴ്സ് സ്കോർ 1200 നും അഡീഷണൽ മാത്തമാറ്റിക്സിന്റെ സ്കോർ 200 ലും ആയിരിക്കും. അഡീഷണൽ മാത്തമാറ്റിക്സിന് പ്രത്യേകം സർട്ടിഫിക്കറ്റ് ആയിരിക്കും നൽകുക. ടി സർട്ടിഫിക്കറ്റ് റഗുലർ കോഴ്സ് സർട്ടിഫിക്കറ്റുമായി കമ്പൈൻ ചെയ്ത് നൽകുന്നതല്ല.
- അഡീഷണൽ മാത്തമാറ്റിസിന് ഇംപ്രൂവ്മെന്റ്, സേ/ഇംപ്രൂവ്മെന്റ്, കമ്പാർട്ട്മെന്റൽ പരീക്ഷകൾ ഉണ്ടായിരിക്കുന്നതല്ല
- അഡീഷണൽ മാത്തമാറ്റിക്സ് വിഷയത്തിനോടൊപ്പം ഗ്രേസ് മാർക്ക് അനുവദിക്കുന്നതല്ല.
- ടി വിദ്യാർത്ഥികളുടെ ഒന്നും രണ്ടും വർഷ പരീക്ഷ രജിസ്ട്രേഷൻ ക്യാൻസലേഷൻ നടത്തിയാൽ അഡീഷണൽ മാത്തമാറ്റിക്സിന്റെ പരീക്ഷ രജിസ്ട്രേഷനും റദ്ദാകുന്നതാണ്.
- അഡീഷണൽ മാത്തമാറ്റിക്സിന് പ്രത്യേകം ഹാൾ ടിക്കറ്റായിരിക്കും നൽകുക

**അപേക്ഷ അയയ്ക്കേണ്ട വിലാസം**

സ്കോൾ-കേരളയുടെ ബന്ധപ്പെട്ട ജില്ലാ കേന്ദ്രങ്ങളിൽ നിശ്ചിത സമയപരിധിക്കകം നേരിട്ടോ, രജിസ്ട്രേഡ്/സ്പീഡ് തപാൽ മാർഗമോ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ജില്ലാകേന്ദ്രങ്ങളുടെ വിശദാംശങ്ങൾക്ക് ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് കൈപ്പുസ്തകം 2025 പേജ് 18 കാണുക.

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ തുടങ്ങുന്ന തീയതി | – | **10.10.2025** |
| പിഴ കൂടാതെ ഫീസ് അടച്ച് ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്ന അവസാന തീയതി | – | **31.10.2025** |
| 100/- രൂപ പിഴയോട് കൂടി ഫീസ് അടച്ച് ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്ന അവസാന തീയതി | – | **15.11.2025** |

എക്സിക്യൂട്ടീവ് ഡയറക്ടർ